പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:14 04/02/2013 - ൽ മറുപടിക്ക്

## സമുദ്രമേഖലയിൽ നിന്നുള്ള മത്സ്യവിഭവങ്ങളുടെ ലഭ്യത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. എം. ഷാജി:<br>,, എം. ഉമ്മർ:<br>,, സി. മമ്മൂട്ടി: | | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) സമുദ്രമേഖലയിൽ മത്സ്യവിഭവങ്ങളുടെ ലഭ്യത ക്രമേണ കുറഞ്ഞ വരുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിൽ ലഭ്യമായ സമുദ്ര മത്സ്യത്തിന്റെ കണക്ക് പ്രകാരം സമുദ്രമേഖലയിൽ മത്സ്യവിഭവങ്ങളുടെ ലഭ്യത ക്രമേണ കുറഞ്ഞു വരുന്ന സ്ഥിതിവിശേഷമാണുള്ളത്. ഇതിന്റെ കാരണങ്ങളെപ്പറ്റി വകുപ്പ് തലത്തിൽ പഠനങ്ങളൊന്നും നടന്നിട്ടില്ല. സമുദ്ര മത്സ്യങ്ങളെ സംബന്ധിച്ച പഠനം കേന്ദ്ര സർക്കാർ സ്ഥാപനമായ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രം (CMFRI) ആണ് നടത്തി വരുന്നത്. CMFRI യുടെ കണക്ക് പ്രകാരം നെയ്മത്തി, കൊഞ്ച്, കണവ/കൂന്തൾ തുടങ്ങിയ ഇനങ്ങളുടെ ലഭ്യതയിൽ നേരിയ വർദ്ധനയും വാള, അയല മുതലായ ഇനങ്ങളുടെ ലഭ്യതയിൽ കുറവും കാണുന്നു. |
| (ബി) മത്സ്യ വിഭവങ്ങളുടെ ലഭ്യതക്കുറവ്, കയറ്റുമതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ എത്രത്തോളമെന്ന് വ്യക്തമാക്കുമോ; | (ബി) | സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (MPEDA) യുടെ കണക്ക് പ്രകാരം മത്സ്യവിഭവങ്ങളുടെ ലഭ്യതക്കുറവ്, കയറ്റുമതി |

വരുമാനത്തെ ബാധിച്ചിട്ടില്ല. കയറ്റുമതിയും വരുമാനവും ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. (MPEDA) യുടെ കണക്കുകൾ അനുസരിച്ച് കഴിഞ്ഞ 5 വർഷത്തെ കയറ്റുമതി വരുമാനം താഴെപ്പറയും പ്രകാരമാണ്.

| വർഷം | കയറ്റുമതി ചെയ്ത മത്സ്യത്തിന്റെ അളവ് (മെട്രിക് ടൺ) | തുക ലക്ഷത്തിൽ |
|---|---|---|
| 2006-07 | 108616 | 152412 |
| 2007-08 | 100319 | 143095 |
| 2008-09 | 100780 | 157218 |
| 2009-10 | 107293 | 107002 |
| 2010-11 | 124615 | 200210 |

(സി) മത്സ്യലഭ്യത വർദ്ധിപ്പിക്കാനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ?

(സി) മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1. കേരളതീരത്തെ മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനായി മത്സ്യബന്ധന നിയന്ത്രണനിയമം കർശനമായി നടപ്പാക്കി വരുന്നു.
2. ആഴക്കടൽ മത്സ്യബന്ധനത്തിൽ മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനവും, യാനങ്ങളുടെ നവീകരണത്തിനായി സാമ്പത്തിക സഹായവും അവർക്ക് സുരക്ഷാസഹായങ്ങളും സംവിധാനങ്ങളും നൽകി വരുന്നു.

3. മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ഫലഭൂയിഷ്ഠമായ ആവാസവ്യവസ്ഥ രൂപപ്പെടുത്തുന്നതിനും വേണ്ടി ശാസ്ത്രീയമായി രൂപകല്പന ചെയ്ത കൃത്രിമ പാരുകൾ കടലിൽ വിവിധ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നു.
4. തീരദേശ ജില്ലകളിൽ അമിതമായ മത്സ്യബന്ധനം മൂലം ക്ഷാമം അനുഭവിക്കുന്നിടങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ജലാശയങ്ങളിൽ ഗുണമേന്മയുള്ള മത്സ്യവിത്തുകൾ നിക്ഷേപിച്ചു വരുന്നു.
5. പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ 10 എച്ച്.പിക്ക് താഴെയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾ മാറ്റി വയ്ക്കുവാൻ സാമ്പത്തിക സഹായം നൽകി വരുന്നു.
6. മത്സ്യങ്ങളുടെ പ്രജനന കാലമായ ജൂൺ, ജൂലൈ മാസങ്ങളിൽ മത്സ്യസമ്പത്ത് നശിക്കാതിരിക്കുന്നതിനുമായി ഈ കാലയളവിൽ 47 ദിവസത്തെ ട്രോളിംഗ് നിരോധനം നടപ്പാക്കി വരുന്നു.

സെക്ഷൻ ഓഫീസർ